**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6345** **10-07-2024 - ൽ മറുപടിയ്ക്ക്**

**ഇരിണാവ് ഡാം പാലം പുതുക്കിപ്പണിയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ആവശ്യത്തിനും ഉപ്പുവെള്ള പ്രതിരോധത്തിനുമായി മടക്കര പുഴയിൽ നിർമ്മിച്ച ഇരിണാവ് ഡാം പാലം കാലപ്പഴക്കത്താൽ തകർന്നു കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിലെ ഇരിണാവ് റഗുലേറ്റർ കം ബ്രിഡ്ജ് 1964-ൽ നിർമ്മിച്ചതാണ്. കാലപ്പഴക്കം കൊണ്ടും വർഷങ്ങളായി ഉപ്പുവെള്ളവുമായുള്ള നിരന്തര സമ്പർക്കം കാരണവും ആർ.സി.ബി.യുടെ ഷട്ടറുകൾ പൂർണ്ണമായും നശിച്ച് ഉപയോഗശൂന്യമാണ്. കൂടാതെ പാലത്തിന്റെ പല ഭാഗങ്ങളിലും കോൺക്രീറ്റ് പൊട്ടിപ്പൊളിഞ്ഞതായും കാണുന്നുണ്ട്. നിലവിൽ പൊതുമരാമത്ത് വിഭാഗം പ്രസ്തുത ആർ.സി.ബി.ക്ക് മുകൾ ഭാഗത്തായി പാലം നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള ആർ.സി.ബി., റെഗുലേറ്റർ മാത്രമായി നിലനിർത്തിയാൽ മതിയാകും. എന്നാൽ നശിച്ച് ഉപയോഗശൂന്യമായ ഷട്ടർ മാറ്റി പുതിയ ഷട്ടർ സ്ഥാപിക്കണമെങ്കിൽ നിലവിലുള്ള ആർ.സി.ബി-യുടെ ബലം പരിശോധിക്കേണ്ടതായിട്ടുണ്ട്. ആയതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഡാം പാലം ഉപ്പുവെള്ള പ്രതിരോധത്തിന് മാത്രമായി പുതുക്കിപ്പണിയുന്നതിന് പഠനം നടത്തി നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിരിക്കുന്നു . |

സെക്ഷൻ ഓഫീസർ